**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3370** **08-10-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് എടുക്കുന്നതിനും പുതുക്കുന്നതിനുമുള്ള നടപടികൾ ഏകീകരിച്ച് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവ തുടർന്നുകൊണ്ടു പോകുന്നതിനോ ടൂറിസം വകുപ്പ് ലൈസൻസുകൾ നൽകാറില്ല. എന്നാൽ നിലവിലുള്ള ഹോംസ്റ്റേ, ഹൗസ്ബോട്ട്, സർവ്വീസ്ഡ് വില്ല, റെസ്റ്റോറന്റ്, അമ്യൂസ്മെന്റ് പാർക്ക്, ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ മുതലായവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ക്ലാസിഫിക്കേഷൻ, രജിസ്ട്രേഷൻ എന്നിവയ്ക്ക് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . ഇതിന് ഓൺലൈൻ പ്ലാറ്റ്ഫോം ലഭ്യമാണ് . |
| (ബി) | സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംബന്ധമായ കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ടൂറിസം സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഹോസ്പിറ്റാലിറ്റി മേഖലയിൽ ഉന്നത നിലവാരത്തിലുള്ള നൈപുണ്യ വികസനം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് SIHM, കണ്ണൂർ KIHM സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവത്തിക്കുന്ന FCI സെന്ററുകൾ എന്നിവ വഴി വിവിധ കോഴ്സുകൾ നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിലവിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത Bsc Hotel Management & Catering Science കോഴ്സ് ആണ് പഠിപ്പിക്കുന്നത് .<br><br>കേരളത്തിൽ പ്രവർത്തിക്കുന്ന 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളിൽ (9 മാസം ഇൻസ്റ്റിറ്റ്യൂട്ട് തല പരിശീലനം, 3 മാസം വ്യാവസായിക പരിശീലനം) വിദഗ്ദ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ അഭ്യസ്ത വിദ്യരായ യുവതി യുവാക്കളെ ജോലിക്ക് പ്രാപ്തരാക്കുന്നു. |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസനത്തിനായി കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുഖേന Bsc Hotel Management & Catering Technology കോഴ്സ് , മറ്റ് ഡിപ്ലോമ സ്കിൽ പരിശീലന കോഴ്സുകൾ നടത്തി വരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംബന്ധമായ കോഴ്സുകൾ മേൽ സ്ഥാപനങ്ങൾ മുഖേന നിലവിൽ നടത്തുന്നില്ല. ടൂറിസം മേഖലയിലെ മാനവ വിഭവശേഷി വികസനത്തിനാണ് മേൽ സ്ഥാപനങ്ങൾ ഊന്നൽ നൽകുന്നത്.<br><br>കേരള സർക്കാരിന്റെ ടൂറിസം വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കിറ്റ്സ്. യാത്ര, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം, കൺസൾട്ടൻസി സേവനങ്ങൾ എന്നിവ നൽകുന്നു. പിജി കോഴ്സുകൾ, ഡിഗ്രി കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, ഐഎടിഎ പ്രോഗ്രാം, സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഇന്റേൺഷിപ്പുകൾ തുടങ്ങിയ അക്കാദമിക് പ്രോഗ്രാമുകൾ ഇതിൽ ഉൾപ്പെടുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) -ന് നിലവിൽ തിരുവനന്തപുരത്തും, തലശ്ശേരിയിലും, മലയാറ്റൂരുമാണ് സെന്ററുകൾ ഉള്ളത്. |

സെക്ഷൻ ഓഫീസർ